(Pages : 4)

BISHOP MOORE COLLEGE LIBRARY MAVELIKARA PIN: 690110 KERALA

**N – 2398**

Reg. No. : ..............................

Name : ..................................

**Third Semester B.A. Degree Examination, March 2022**

**First Degree Programme under CBCSS**

**Malayalam : Language, Culture and Literature**

**Complementary Course**

**ML 1331 : പരിസ്ഥിതി : സിദ്ധാന്തവും ആവിഷ്ക്കാരവും**

**(2019 & 2020 Admission)**

Time : 3 Hours

Max. Marks : 80

I. ഒരു വാക്കിലോ പരമാവധി രണ്ടു വാക്യത്തിലോ ഉത്തരമെഴുതുക.

1. കാവേരിയുടെ പുരുഷൻ എന്ന കൃതിയുടെ കർത്താവാര്?

2. ഇക്കോളജി എന്ന പദത്തിന്റെ മുഖ്യപ്രചാരകനാര്?

3. ഓരോ പുഴയും പറയുന്നത് - സംവിധാനം ചെയ്തതാര്?

4. ജീവന്റെ കയ്യൊപ്പ് ആരുടെ കൃതിയാണ്?

5. ഹരിതനിരൂപണം മലയാളത്തിൽ എന്ന പുസ്തകം എഡിറ്റു ചെയ്തതാര്?

6. പേരറിയാത്തവർ എന്ന ചലച്ചിത്രത്തിന്റെ സംവിധായകനാര്?

7. സംസ്കാരവും ആവാസവ്യവസ്ഥയും എന്ന ലേഖനം ഏതു പുസ്തകത്തിലേതാണ്?

P.T.O.

8. കനകം വിളയുന്ന മണ്ണ് എന്ന നാടകം രചിച്ചതാര്?

9. മാർഗ്രറ്റ് ഏതു നോവലിലെ കഥാപാത്രമാണ്?

10. അതിരപ്പിള്ളിക്കാട്ടിൽ എന്ന കവിതയുടെ രചയിതാവാര്?

**(10 × 1 = 10 Marks)**

II. ഒരു ഖണ്ഡികയിൽ കവിയാതെ എട്ടു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

11. "ചിലത് കൊടിമരങ്ങളായി
ചിലത് കഴുമരങ്ങളായി" - എന്തിനെക്കുറിച്ചാണ് പരാമർശം?

12. ഗാന്ധിജിയുടെയും ഫ്രാൻസ് ഫാനന്റെയും ചിന്തകൾ താരതമ്യം ചെയ്യുക.

13. വൈഗയിലെ ജീവിതത്തിനു കാലം വരുത്തിയ പരിണാമമെന്ത്?

14. ഹരിതരാഷ്ട്രീയം എന്നാലെന്ത്?

15. "എണീക്കാൻ ധൃതിപ്പെടേണ്ട
സമയമുണ്ടല്ലോ വേണ്ടുവോളം" - ആശയം വ്യക്തമാക്കുക.

16. സാമൂഹികപരിസ്ഥിതിവാദം ലക്ഷ്യം വെക്കുന്നതെന്ത്?

17. കഥാപാത്രനിരൂപണം നടത്തുക - മിസ്സിസ് സുമിത്രാറാവു.

18. മനുഷ്യജീവിതത്തിന്റെ വേറിട്ട മുഖങ്ങളെ പരിചയപ്പെടുത്തുകയാണ് 'അരജീവിതങ്ങൾക്ക് ഒരു സ്വർഗ്ഗം' - വ്യക്തമാക്കുക.

19. "വജ്രശിലകൊണ്ട് അവൻ മലമുകളിൽ
പിന്നെയും വാക്കുകൾ കൊത്തിവെയ്ക്കുന്നു" - ആരെക്കുറിച്ചാണ് പരാമർശിക്കുന്നത്?

20. 'ആനകളെ കൊന്ന് ഈച്ചകൾ എഴുതുന്ന നാഗരികത' എന്നതുകൊണ്ട് കവി ഉദ്ദേശിക്കുന്നതെന്ത്?

21. വെള്ളരിനാടകത്തിന്റെ സവിശേഷതകൾ എന്തെല്ലാം?

22. ഗഹനപരിസ്ഥിതിവാദം എന്നാലെന്ത്?

23. പ്രകൃതിയിലേക്ക് മടങ്ങേണ്ടതിനെപ്പറ്റിയുള്ള റൂസ്സോയുടെ അഭിപ്രായത്തോട് വൊൾട്ടയർ പ്രതികരിച്ചതെങ്ങനെ?

24. ജൈവം എന്ന നോവലിൽ പച്ച എന്തിനെയാണ് പ്രതിനിധാനം ചെയ്യുന്നത്?

25. ഓരോ പുഴയും പറയുന്നത് എന്ന ചലച്ചിത്രത്തിലൂടെ ഭ്രാന്ത് എന്ന വാക്കിനു ലഭിക്കുന്ന ആശയസാധ്യതകൾ എന്തൊക്കെയാണ്?

26. "അച്ഛൻ കൈകൊണ്ടാണോ മണ്ണെടുത്തത് എങ്കിൽ അമ്മേം ചീത്ത പറയും" - സന്ദർഭമേത്?

**(8 × 2 = 16 Marks)**

III. **120** വാക്കിൽ കവിയാതെ ഏതെങ്കിലും **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

27. പ്രകൃതിയിലേക്കുള്ള മടക്കം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്ത്?

28. ഹരിതമോഹനം എന്ന കഥ പരിസ്ഥിതിയെ ഗൃഹാതുരതയോടെ അവതരിപ്പിക്കുന്നുണ്ടോ? വിശദമാക്കുക.

29. പരിസ്ഥിതി കലയെ സ്വാധീനിക്കുന്നതെങ്ങനെ?

30. കൊച്ചിയിലെ വൃക്ഷങ്ങൾക്കു വന്ന പരിണാമങ്ങളെ കവി അടയാളപ്പെടുത്തുന്നതെങ്ങനെ?

31. വ്യക്തിയിലൂടെ സമൂഹത്തിലേക്കു വ്യാപിക്കേണ്ട പാരിസ്ഥിതികവിചാരത്തെക്കുറിച്ചുള്ള സൂചനകൾ ഓരോ പുഴയും പറയുന്നത് എന്ന ചിത്രം വിനിമയം ചെയ്യുന്നതെങ്ങനെ?

32. 'അരികുകളിലേക്ക് മാറ്റി നിർത്തപ്പെട്ടവരുടെ കഥയാണ് പേരറിയാത്തവർ അവതരിപ്പിക്കുന്നത്' - വിശദമാക്കുക.

33. മനുഷ്യർക്കിടയിൽ നിന്ന് നഷ്ടമാകുന്ന മാനവികതയെക്കുറിച്ചുള്ള ഉത്കണ്ഠ ആമസോൺ എന്ന കഥയിൽ ആവിഷ്കരിക്കുന്നതെങ്ങനെ?

34. ഭൂമി ഒരേ സമയം ഭൗതികസ്ഥലവും സാംസ്കാരികസ്ഥലവുമാകുന്നതെങ്ങനെയെന്നു വിവരിക്കുക.

35. അതിരപ്പിള്ളിക്കാട്ടിൽ എന്ന കവിത പാരിസ്ഥിതികപ്രശ്നങ്ങളെ ധ്വന്യാത്മകമായി അവതരിപ്പിക്കുന്നതെങ്ങനെ?

36. പരിസ്ഥിതികസ്ത്രീവാദം എന്നാലെന്ത്?

37. ജൈവം എന്ന നോവലിൽ ഹരിതസ്വപ്നങ്ങളുടെ പ്രതീകമാണ് പുൽച്ചാടി - വിശകലനം ചെയ്യുക.

38. "തത്തകൾ ഭൂമിയിലെങ്ങും ഒരേ ഭാഷ സംസാരിക്കുന്നു" - പ്രകൃതിയുടെ ഏതെല്ലാം സവിശേഷതകളിലേക്കാണ് ഈ വരികൾ വിരൽ ചൂണ്ടുന്നത്?

**(6 × 4 = 24 Marks)**

IV. മൂന്നു പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ട്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

39. "ഹരിതസമൃദ്ധിയുടെ വീണ്ടെടുപ്പ് ലക്ഷ്യം വെക്കുന്ന നോവലാണ് ജൈവം" - വിലയിരുത്തുക.

40. 'മലയാളത്തിലെ പരിസ്ഥിതികവിതകൾ സംവേദനം ചെയ്യുന്നത് എക്കാലത്തും പ്രസക്തിയുള്ള ആശയങ്ങളാണ്' - സമർത്ഥിക്കുക.

41. കനകം വിളയുന്ന മണ്ണ് എന്ന നാടകം ആശയസമ്പന്നതകൊണ്ട് ശ്രദ്ധേയമാകുന്നതെങ്ങനെ?

42. സാഹിത്യവും പരിസ്ഥിതിയുമായുള്ള ബന്ധത്തിന്റെ അനന്തസാധ്യതകൾ എന്തെല്ലാം?

43. സമകാലികസാമൂഹികപ്രശ്നങ്ങളിലേക്കുള്ള ചൂണ്ടുപലകയാണ് പേരറിയാത്തവർ - വിശദമാക്കുക.

44. പരിസ്ഥിതിസംരക്ഷണത്തിനുവേണ്ടി രൂപംകൊണ്ട വിവിധ പ്രസ്ഥാനങ്ങളെക്കുറിച്ച് വിശദമാക്കുക.

**(2 × 15 = 30 Marks)**